REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 02-10-2023 സമയം 12.30 PM

## പ്രധാന വാർത്തകൾ

- മഹാത്മഗാന്ധിയുടെ 154-ാം ജന്മവാർഷികത്തിൽ രാഷ്ട്രത്തന്റെ സ്മരണാഞ്ജലി. രാജ്ഘട്ടിൽ രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും പുഷ്പാർച്ചന നടത്തി.
- സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന ഗർഭാശയമുഖ കാൻസറിനെ പ്രതിരോധിക്കാൻ വാക്സിനേഷൻ നൽകാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- സംസ്ഥാനത്ത് വന്യ ജീവി വാരാഘോഷത്തിന് തുടക്കമായി.
- ഹാങ്ചൗ ഏഷ്യൻ ഗെയിംസിന്റെ ഒൻപതാം ദിവസം ഇന്ത്യ രണ്ട് വെങ്കലം കൂടി സ്വന്തമാക്കി.
- കൊച്ചി വിമാനത്താവളത്തിലെ 7 മെഗാ പദ്ധതികളുടെ പ്രവർത്തന - നിർമ്മാണ പദ്ധതികൾ വൈകിട്ട് ഉദ്ഘാടനം ചെയ്യും.

## വാർത്തകൾ വിശദമായി

മഹാത്മഗാന്ധിയുടെ 154-ാം ജന്മവാർഷികത്തിൽ രാഷ്ട്രം അദ്ദേഹത്തിന് സ്മരണാഞ്ജലി അർപ്പിച്ചു. ഡൽഹിയിലെ ഗാന്ധി സമാധിയായ രാജ്ഘട്ടിൽ രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി, ലോക്സഭാ സ്പീക്കർ ഓം ബിർള, കേന്ദ്ര മന്ത്രിമാരായ ഹർദീപ്

സിംഗ് പുരി, ഡോ. ജിതേന്ദ്ര സിംഗ്, മീനാക്ഷി ലേഖി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ, തുടങ്ങിയവരടക്കം പ്രമുഖർ പുഷ്പാർച്ചന നടത്തി. തുടർന്ന് സർവ്വമത പ്രാർത്ഥനയും സംഘടിപ്പിച്ചിരുന്നു. രാജ്യവ്യാപകമായി നിരവധി കേന്ദ്രങ്ങളിലും ഗാന്ധിജി അനുസ്മരണ ചടങ്ങുകൾ നടന്നു.

മഹാത്മജിയുടെ സത്യവും അഹിംസയും ഉൾക്കൊള്ളുന്ന ദർശനങ്ങൾ പുതിയ ലോകത്തിന്റെ പിറവിയ്ക്ക് വഴിയൊരുക്കിയതായി രാഷ്ട്രപതി അനുസ്മരണ സന്ദേശത്തിൽ പറഞ്ഞു. ശുചിത്വം, വനിതാ ശാക്തീകരണം, സ്വയം പര്യാപ്തത, കർഷക അവകാശങ്ങൾ, എന്നിവയ്ക്കായി അദ്ദേഹം എന്നും പരിശ്രമിച്ചിരുന്നു. അയിത്തം, സാമൂഹ്യ വിവേചനം, നിരക്ഷരത, എന്നിവയ്ക്കെതിരെ അഹിംസയിൽ അധിഷ്ഠിതമായ പോരാട്ടമായിരുന്നു അദ്ദേഹത്തിന്റെ ജീവിതമെന്നും രാഷ്ട്രപതി പറഞ്ഞു.

മഹാത്മജിയുടെ സത്യത്തിലും അഹിംസയിലും അധിഷ്ഠിതമായ സമര മാർഗ്ഗങ്ങൾ ഇന്ത്യയുടെ സ്വാതന്ത്ര്യ പോരാട്ടത്തിന് വഴിവിളക്കായെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ പറഞ്ഞു.

മഹാത്മാ ഗാന്ധിയുടെ കാലാതിവർത്തിയായ ബോധനങ്ങൾ ഇന്ത്യയുടെ മാർഗ്ഗ ദീപമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഐക്യത്തിന്റെയും സഹാനുഭൂതിയുടെയും സന്ദേശം ഉൾക്കൊണ്ട മഹാത്മജിയുടെ

ദർശനങ്ങൾ ആഗോള സമൂഹത്തിന് മാനുഷികതയുടെ പ്രചോദനമായി മാറിയെന്നും നരേന്ദ്രമോദി അനുസ്മരിച്ചു.

ഗാന്ധിജയന്തി ദിനാഘോഷത്തിന് മുന്നോടിയായി മഹാത്മാ ഗാന്ധിക്ക് ആദരമർപ്പിച്ച് രാജ്യത്ത് ഇന്നലെ മെഗാ ശുചീകരണ യജ്ഞം സംഘടിപ്പിച്ചു.

മുൻ പ്രധാനമന്ത്രി ലാൽ ബഹദൂർ ശാസ്ത്രിയുടെ ജന്മദിനവും ഇന്ന് ആഘോഷിക്കുന്നു. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ സമാധി സ്ഥലമായ വിജയ്ഘട്ടിലെത്തി പുഷ്പാർച്ചന നടത്തി. ശാസ്ത്രിയുടെ ലാളിത്യവും അർപ്പണ ബോധവും *"ജയ് ജവാൻ ജയ് കിസാൻ"* എന്ന വിഖ്യാത മുദ്രാവാക്യവും തലമുറകൾക്ക് പ്രചോദനം നൽകുന്നതാണെന്ന് പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

സാമ്രാജ്യത്വത്തിന്റെ നുകത്തിൽ നിന്നും മോചനം നേടി സ്വതന്ത്ര ജനാധിപത്യ രാഷ്ട്രത്തിലെ പൗരന്മാർ എന്ന നിലയ്ക്ക് ആത്മാഭിമാനത്തോടെ തലയുയർത്തി നടക്കാൻ നമുക്ക് സാധിക്കുന്നതിന് പിന്നിൽ ഗാന്ധിജിയുടെ ത്യാഗ പൂർണ്ണമായ ജീവിതത്തിന് നിസ്തുലമായ പങ്കുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ ഗാന്ധി ജയന്തി സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ഗാന്ധിജയന്തി ദിനാഘോഷങ്ങളുടെ ഭാഗമായി ലക്ഷദ്വീപിലും വിപുലമായ പരിപാടികൾ സംഘടിപ്പിച്ചു. തലസ്ഥാന ദ്വീപായ കവരത്തി സെക്രട്ടറിയേറ്റിൽ

നിന്നുമാരംഭിച്ച് ഗാന്ധി സ്ക്വയറിൽ സംഗമിച്ച പ്രഭാതഭേരി മാർച്ചിൽ, വിദ്യാത്ഥികൾ, വനിതകൾ, ഉദ്യോഗസ്ഥർ ഉൾപ്പെടെ നൂറ് കണക്കിനാളുകൾ പങ്കെടുത്തു.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാജസ്ഥാനും, മധ്യപ്രദേശും സന്ദർശിക്കും. രണ്ട് സംസ്ഥാനങ്ങളിലുമായി 26,000 കോടിയിൽപ്പരം രൂപയുടെ പദ്ധതികൾക്ക് പ്രധാനമന്ത്രി തുടക്കമിടും.

നാളെ പ്രധാനമന്ത്രി ഛത്തീസ്ഗഡിലും തെലങ്കാനയിലും സന്ദർശനം നടത്തും.

✪✪✪

കഴിഞ്ഞ മാസം GST വരുമാനമായി ഒരു ലക്ഷത്തി 62,712 കോടി രൂപ ലഭിച്ചു. ഇതിൽ CGST 29,818 കോടി രൂപയും SGST 37,657 കോടി രൂപയും IGST 83,623 കോടി രൂപയും സെസ് 11,613 കോടി രൂപയുമാണ്. 2023-24ൽ നാലാം തവണയാണ് മൊത്തം GST വരുമാനം ഒരു ലക്ഷത്തി 60,000 കോടി കവിയുന്നത്.

കഴിഞ്ഞ വർഷം സെപ്റ്റംബറിലെ വരുമാനത്തേക്കാൾ 10 ശതമാനം കൂടുതലാണ് കഴിഞ്ഞ മാസം ലഭിച്ചത്.

✪✪✪

സംസ്ഥാനത്ത് സ്ത്രീകളിൽ വർദ്ധിച്ചുവരുന്ന ഗർഭാശയമുഖ കാൻസറിനെ പ്രതിരോധിക്കാൻ വികസിത രാജ്യങ്ങളുടെ മാതൃകയിൽ വാക്സിനേഷൻ നൽകാൻ

ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. 30-നുമേൽ പ്രായക്കാരായ 7 ലക്ഷത്തോളം പേർക്ക് കാൻസർ ബാധിക്കാൻ സാധ്യത ഉണ്ടെന്നാണ് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. കാൻസർ രോഗങ്ങളെ ചെറുക്കുന്നതിനായി സംസ്ഥാനത്ത് സമഗ്ര ഇടപെടലുകൾ നടത്തിവരുന്നതായും അദ്ദേഹം കൊച്ചിയിൽ അറിയിച്ചു.

എറണാകുളം ജനറൽ ആശുപത്രിയിൽ 25 കോടി രൂപ ചെലവിൽ നിർമ്മിച്ച ആധുനിക കാൻസർ സ്പെഷ്യാലിറ്റി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

സംസ്ഥാനത്തെ മെഡിക്കൽ കോളജുകളെയും, ജില്ലാ ജനറൽ ആശുപത്രികളെയും, താലൂക്ക് ആശുപത്രികളെയും ഉൾപ്പെടുത്തി കാൻസർ ചികിത്സ ഏകോപിപ്പിക്കുന്നതിന് ക്യാൻസർ ഗ്രിഡ് രൂപീകരിച്ച് ചികിത്സ വികേന്ദ്രീകരിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും, മലബാർ കാൻസർ സെന്ററിലും റോബോട്ടിക് സർജറിയും, ഡിജിറ്റൽ പത്തോളജിയും ഉടൻ തുടങ്ങാൻ ആകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

നിപ്പ വൈറസിനെ തുടക്കത്തിൽ തന്നെ തിരിച്ചറിഞ്ഞതാണ് അതിൽ ഫലപ്രദമായി ഇടപെടാനും, രോഗവ്യാപനത്തെ ചെറുത്തു തോൽപ്പിക്കാനും കഴിഞ്ഞതെന്ന് മുഖ്യമന്ത്രി വിലയിരുത്തി.

ചടങ്ങിൽ മന്ത്രിമാരായ വീണ ജോർജ്, P.രാജീവ്, M.B.രാജേഷ് തുടങ്ങിയവർ പങ്കെടുത്തു.

✪✪✪

നൈപുണ്യ വികസനം ഉറപ്പുവരുത്തിയും തൊഴിലവസരം ലഭ്യമാക്കിയും പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ യുവജനങ്ങളെ ശാക്തീകരിക്കാൻ ഗവണ്മെന്റ് പദ്ധതികൾ നടപ്പാക്കി വരികയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സാമൂഹ്യ ഐക്യദാർഢ്യ പക്ഷാചരണം എറണാകുളം ടൗൺ ഹാളിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഹോം ഇ സർവേ, ഒന്നു മുതൽ എട്ടു വരെ ക്ലാസ്സുകളിൽ പഠിയ്ക്കുന്ന പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കായി ആവിഷ്കരിച്ച കെടാവിളക്ക് സ്കോളർഷിപ്പ് പോർട്ടൽ എന്നിവയും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

✪✪✪

പൊലീസ് സേവനങ്ങൾക്ക് നിരക്കുവർദ്ധന പ്രാബല്യത്തിൽ വന്നു. FIR-ന് 50 രൂപയും രാഷ്ട്രീയ പ്രകടനങ്ങൾക്കും ഘോഷയാത്രകൾക്കും 2,000 രൂപ മുതൽ 10,000 രൂപ വരെയും ഇന്നുമുതൽ ഫീസ് നൽകണം.

✪✪✪

സംസ്ഥാനത്ത് വന്യ ജീവി വാരാഘോഷത്തിന് തുടക്കമായി. വനങ്ങളും വന്യജീവികളും നമ്മുടെ സമ്പത്ത് എന്നതാണ് ഇത്തവണ വാരാഘോഷത്തിന്റെ സന്ദേശം. തൃശൂർ

സുവോളജിക്കൽ പാർക്കിൽ മന്ത്രി A.K ശശീന്ദ്രൻ സംസ്ഥാന തല ചടങ്ങ് ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം ഞായറാഴ്ച കോഴിക്കോട്ട് നടക്കും.

വാരാഘോഷത്തിന്റെ ഭാഗമായി പീച്ചിയിലെ വന-ഗവേഷണ കേന്ദ്രത്തിൽ ദേശീയ സെമിനാർ സംഘടിപ്പിക്കും. വാരാഘോഷ കാലത്ത് സംസ്ഥാനത്തെ ദേശീയ ഉദ്യാനങ്ങളിലും കടുവ സംരക്ഷണ കേന്ദ്രങ്ങളിലും വന്യജീവി സങ്കേതങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനഫീസ് ഉണ്ടാവില്ല.

✪✪✪

വന്യജീവികളെ സംരക്ഷിക്കുന്നതിനോടൊപ്പം വന്യജീവികളിൽ നിന്നും ജനങ്ങളെ സംരക്ഷിക്കാനും വനം വകുപ്പ് നടപടി എടുക്കുന്നുണ്ടെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. പാലക്കാട് ധോണിയിലെ ആന ക്യാമ്പ് സന്ദർശിച്ച് പാപ്പന്മാരെ ആദരിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. മയക്കുവെടി വച്ച് പിടികൂടിയ കാട്ടാന ധോണിയുടെ കണ്ണിന് ചികിത്സ ആരംഭിച്ചതായും കാഴ്ച തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു.

✪✪✪

ജനപങ്കാളിത്തത്തോടു കൂടി മാത്രമേ പ്രധാനമന്ത്രി നരേന്ദ്രമോദി ഏത് കാര്യവും പ്രാവർത്തികമാക്കിയിട്ടുള്ളൂവെന്ന് കേന്ദ്ര സഹമന്ത്രി V.മുരളീധരൻ പറഞ്ഞു. തിരുവനന്തപുരം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിൽ സ്വച്ഛതാ ഹി സേവാ പരിപാടി ഉദ്ഘാടനം

ചെയ്യുകയായിരുന്നു അദ്ദേഹം. സുസ്ഥിര വികസന ലക്ഷ്യങ്ങൾ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ വേഗത്തിൽ നേടിയെടുക്കാനായെന്നും മുരളീധരൻ അഭിപ്രായപ്പെട്ടു.

✪✪✪

ഇന്ന് അഭിമുഖീകരിച്ച് കൊണ്ടിരിക്കുന്ന വലിയ പ്രശ്നമാണ് മാലിന്യ പ്രശ്നമെന്നും മാലിന്യ പ്രശ്ന പരിഹാരത്തിന് ഒരോരുത്തരും സ്വയം സന്നദ്ധരായി മുന്നോട്ട് വരണമെന്നും മന്ത്രി അഹമ്മദ് ദേവർകോവിൽ പറഞ്ഞു. ഫിറ്റ്നസിനൊപ്പം മാലിന്യ നിർമാർജനവും ചെയ്തുകൊണ്ട് കോഴിക്കോട് സായി സെന്റർ സംഘടിപ്പിച്ച ഫിറ്റ് ഇന്ത്യ പ്ലോഗ് റൺ ഫ്ലാഗ് ഓഫ് ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

✪✪✪

ഹാങ്ചൗ ഏഷ്യൻ ഗെയിംസിന്റെ ഒൻപതാം ദിവസം ഇന്ത്യ രണ്ട് വെങ്കലം കൂടി സ്വന്തമാക്കി. പുരുഷന്മാരുടെ 3,000 മീറ്റർ റോളർ സ്കേറ്റിംഗിലും വനിതകളുടെ 3,000 മീറ്റർ സ്പീഡ് സ്കേറ്റിംഗ് റിലേയിലുമാണ് ഇന്ത്യയ്ക്ക് മെഡൽ ലഭിച്ചത്.

ഇതോടെ 13 സ്വർണവും 21 വെള്ളിയും 21 വെങ്കലവും ഉൾപ്പെടെ 55 മെഡലുകളുമായി ഇന്ത്യ നാലാം സ്ഥാനത്ത് തുടരുകയാണ്.

ഏഷ്യൻ ഗെയിംസിലെ 400 മീറ്റർ ഹർഡിൽസിൽ വിദ്യാ രാംരാജ് ഫൈനലിലെത്തി. P.T ഉഷയുടെ 1984-ലൊസാഞ്ചലസ് ഒളിമ്പിക് റെക്കോർഡിനൊപ്പം വേഗം കണ്ടാണ് വിദ്യ ഹീറ്റ്സിൽ ഒന്നാം സ്ഥാനത്തോടെ ഫൈനലിൽ എത്തിയത്.

വനിതാവിഭാഗം പോൾവോൾട്ട്, ലോംഗ്ജമ്പ്, 3,000 മീറ്റർ സ്റ്റീപ്പിൾചേസ്, പുരുഷവിഭാഗം 200 മീറ്റർ ഓട്ടം, 400 മീറ്റർ മിക്സഡ് റിലേ, അശ്വാഭ്യാസം, റോളർ സ്കേറ്റിംഗ് തുടങ്ങിയവയിൽ ഇന്ത്യ ഇന്ന് ഫൈനലിൽ ഇറങ്ങും.

പ്രധാനമന്ത്രി നരേന്ദ്രമോദിയും കേന്ദ്ര കായിക മന്ത്രി അനുരാഗ്സിംഗ് ഠാക്കൂറും ഹാങ്ചൗ ഏഷ്യൻ ഗെയിംസിൽ സ്പീഡ് സ്കേറ്റിംഗ് 3,000 മീറ്റർ റിലേ മത്സരത്തിൽ വെങ്കല മെഡൽ നേടിയ ഇന്ത്യൻ പുരുഷ-വനിതാ സ്കേറ്റിംഗ് ടീമുകളെ അഭിനന്ദിച്ചു.

✪✪✪

ISL ഫുട്ബോളിൽ ഇന്ന് F.C ഗോവ,പഞ്ചാബ് F.C യെ നേരിടും. രാത്രി എട്ടിന് ഗോവയിലാണ് മത്സരം.

ഇന്നലെ കൊച്ചിയിൽ കേരള ബ്ലാസ്റ്റേഴ്സ് ജംഷഡ്പൂരിനെ മറുപടിയില്ലാത്ത ഒരു ഗോളിന് തോൽപ്പിച്ച് വിജയം നേടിയിരുന്നു. അഡ്രിയാൻ ലൂണയാണ് ബ്ലാസ്റ്റേഴ്സിന്റെ വിജയഗോൾ നേടിയത്. തുടർച്ചയായ രണ്ടാം ജയത്തോടെ 6 പോയിന്റുമായി ബ്ലാസ്റ്റേഴ്സ് പോയിന്റ് പട്ടികയിൽ രണ്ടാമതെത്തി. മുംബൈ സിറ്റി എഫ് സി യുമായി ഞായറാഴ്ച്ചയാണ് ബ്ലാസ്റ്റേഴ്സിന്റെ അടുത്ത മത്സരം.

✪✪✪

കുട്ടികളെ കാർഷിക രീതികളെക്കുറിച്ച് ബോധവാന്മാരാക്കുന്നതിനും സംരംഭകശീലം വളർത്തുന്നതിനുമായി കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമ

പഞ്ചായത്തിന്റെ *"കുട്ടിക്കൊരു ആട്ടിൻ കുട്ടി"* പദ്ധതി ശ്രദ്ധേയമാവുന്നു.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ...........

.............വോയ്സ്............

✪✪✪

കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പാക്കുന്ന 7 മെഗാ പദ്ധതികളുടെ പ്രവർത്തന - നിർമ്മാണ പദ്ധതികൾ മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.

സിയാലിന്റെ പ്രതിവർഷ കാർഗോ കൈകാര്യം ചെയ്യൽ ശേഷി 2 ലക്ഷം മെട്രിക് ടണ്ണായി വർദ്ധിപ്പിക്കുന്ന ഇംപോർട്ട് കാർഗോ ടെർമിനൽ, വിമാനത്താവളത്തിന്റെ ആഭ്യന്തര ടെർമിനൽ ഗേറ്റുകളിൽ പ്രവേശനം സുഗമമാക്കുന്ന ഡിജി യാത്ര സോഫ്റ്റ്‌വെയർ, വിമാനത്താവള രക്ഷാ സംവിധാനങ്ങളുടെ ആധുനികവത്കരണം എന്നിവയുടെ പ്രവർത്തനങ്ങളാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നത്. ടൂറിസം വികസനത്തിനായി റിസോർട്ടുകൾ, സ്പോർട്സ് സെൻറർ എന്നിവയുടെ നിർമ്മാണവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും.

✪✪✪